"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നാഷണൽ സർവ്വീസ് സ്കീം - തദ്ദേശ സ്വയംഭരണ വകുപ്പും നാഷണൽ സർവ്വീസ് സ്കീം കാര്യാലയവുമായി ചേർന്ന് തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ എൻ.എസ്.എസ് യൂണിറ്റുകളും മാലിന്യമുക്തം പദ്ധതി (സ്നേഹാരാമം പദ്ധതി) ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1496/2023/HEDN തീയതി,തിരുവനന്തപുരം, 09-10-2023

---

പരാമർശം:-

1. ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നുള്ള കെ3/97/2023-എച്ച്.ഇ.ഡി.എൻ-നം. സർക്കുലർ
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.08.2023-ലെ 2766/CS/2023/SM - നം. കത്ത്
3. സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസറുടെ 24.08.2023-ലെ എ1/288/2023/എൻ.എസ്.എസ്-നം. കത്ത്

**<u>ഉത്തരവ്</u>**

"സംസ്ഥാനം മാലിന്യമുക്തമാക്കുക" എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന "മാലിന്യമുക്ത നവകേരളം" പദ്ധതിയുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

2) "മാലിന്യ മുക്തം നവകേരളം" ക്യാമ്പയിന്റെ ഭാഗമായി കേരളത്തിലെ പാതയോരങ്ങളുടെയും പൊതുഇടങ്ങളുടെയും പരിപാലനം നമ്മുടെ പൊതുവായ ശുചിത്വ നിലവാരത്തിന് ആനുപാതികമായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നാഷണൽ സർവ്വീസ് സ്കീമിന്റെയും നേതൃത്വത്തിൽ 3000 സ്നേഹാരാമങ്ങൾ നിർമ്മിക്കുന്നതിന് ഇതിനോടകം ധാരണ ആയിട്ടുണ്ടെന്നും ടി പദ്ധതിക്ക് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ അനുവദിക്കുന്നതാണ് എന്ന് പരാമർശം (2) പ്രകാരം ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

3) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും നേതൃത്വത്തിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ ഈ വർഷത്തെ മുഖ്യ പ്രവർത്തനങ്ങളിലൊന്നായി മാലിന്യ മുക്തനവകേരളം പരിപാടി ഏറ്റെടുത്തു നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നും ആയതിലേക്കായി തദ്ദേശ സ്വയംഭരണ വകുപ്പും നാഷണൽ സർവ്വീസ് സ്കീം കാര്യാലയവുമായി ചേർന്ന് ഈ വർഷത്തെ പ്രവർത്തന പരിപാടികൾക്കായി തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ എൻ.എസ്.എസ് യൂണിറ്റുകളും മാലിന്യമുക്തം പദ്ധതി (സ്നേഹാരാമം പദ്ധതി) ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഉത്തരവിറക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പും നാഷണൽ സർവ്വീസ് സ്കീം കാര്യാലയവുമായി ചേർന്ന് ഈ വർഷത്തെ പ്രവർത്തന പരിപാടികൾക്കായി തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ എൻ.എസ്.എസ് യൂണിറ്റുകളും മാലിന്യമുക്തം പദ്ധതി (സ്നേഹാരാമം പദ്ധതി) ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിന്ധു പി.കെ

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പ്

ഡയറക്ടർ, ശുചിത്വ മിഷൻ, തദ്ധേശ സ്വയംഭരണ വകുപ്പ്

സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ് സെൽ തിരുവനന്തപുരം

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Omkumar H.s.
Date: 09-10-2023 14:26:19

സെക്ഷൻ ഓഫീസർ

ഈ വർഷം ഏറ്റെടുക്കേണ്ട പ്രധാന പ്രവർത്തനം

**സ്നേഹാരാമങ്ങൾ (വൃത്തിയാക്കലും, സൗന്ദര്യവത്കരണവും)**

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ സ്ഥിതി ചെയ്യുന്നതും , മാലിന്യം വലിച്ചെറിയുന്നത് വഴി രൂപപ്പെട്ട മാലിന്യ കൂനകൾ കണ്ടെത്തിയതോ, ജി.വി.പി മാപ്പിങ്ങിലൂടെ കണ്ടെത്തിയതോ ആയ പ്രദേശം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ കണ്ടെത്തുകയും അവ സൗന്ദര്യവത്കരിച്ച് അവിടെ ഇനി മാലിന്യംവലിച്ചെറിയാതിരിക്കുന്ന തരത്തിൽ മാറ്റിയെടുക്കുക ( (ഒരു യൂണിറ്റ് ഒരു പ്രദേശം).
2. തദ്ദേശ സ്വയംഭരണ സ്ഥാപനവും എൻ.എസ്.എസ് യൂണിറ്റുമായി ചർച്ച ചെയ്ത സെപ്റ്റംബർ ആദ്യ വാരത്തിൽ തന്നെ പ്രദേശം കണ്ടെത്തേണ്ടതാണ്
3. പച്ചത്തുരുത്ത് , ചുമർ ചിത്രം, വെർട്ടിക്കൽ ഗാർഡൻ , പാർക്ക് , തണലിടം (വിശ്രമ സംവിധാനം) , സ്ക്രാപ്പ്/അജൈവ പാഴ്‌വസ്തുക്കൾ കൊണ്ടുള്ള ഇൻസ്റ്റലേഷൻ എന്നിങ്ങനെ വോളന്റിയർമാർമാരുടെ സർഗാത്മകത കാഴ്ചവെക്കാൻ കഴിയുന്ന തരത്തിലെ മാറ്റം ആ പ്രദേശത്ത് കൊണ്ടുവരാൻ സാധിക്കണം.
4. ഉപയോഗ ശൂന്യമായ അജൈവ പാഴ്‌വസ്തുക്കൾ ഉപയോഗപ്പെടുത്തി പ്രദേശം സൗന്ദര്യ വത്കരിക്കാവുന്നതാണ്.
5. എല്ലാ സ്നേഹാരാമങ്ങളിലും പൊതുവായ ഒരു ശിലാ ഫലകം സ്ഥാപിക്കുക ( തദ്ദേശ സ്ഥാപനത്തിന്റെ , എൻ.എസ്.എസ് യൂണിറ്റ്,നവകേരളം കർമ്മപദ്ധതി , ശുചിത്വ മിഷൻ , സ്വച്ച് ഭാരത് മിഷൻ എന്നിവയുടെ (പേര് / ലോഗോ) ഉൾപ്പെടുത്തേണ്ടതാണ്.
6. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള ഏജൻസികളുടെ സഹായം കൂടി ഈ പ്രവർത്തനങ്ങളിൽ തേടാവുന്നതാണ്.
7. പ്രാദേശിക സവിശേഷതകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്നേഹാരാമങ്ങൾ നിർമിക്കാവുന്നതാണ്.
8. ആ പ്രദേശത്ത് ഇത്തരം പ്രവർത്തനം ചെയ്യാൻ സന്നദ്ധരായ സംഘടനകളെ കൂടി എൻ എസ് എസിന്റെ നേതൃത്വത്തിൽ നിർമിക്കുന്ന സ്നേഹരാമങ്ങളുടെ നിർമിക്ക് കൂട്ടിയോജിപ്പിക്കാവുന്നതാണ്.
9. പ്രദേശത്ത് നിരീക്ഷണ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുക.
10. ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനത്തില് സൗന്ദര്യ വത്കരണ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്ന തരത്തിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തീകരിക്കണം.
11. ഡിസംബർ മാസത്തെ എൻ.എസ്.എസ് യൂണിറ്റ് ക്യാമ്പ് കഴിയുമ്പോൾ ഏറ്റെടുത്ത പ്രദേശത്തെ സൗന്ദര്യ വത്കരണം പൂർത്തിയാക്കുകയും, 2024 ജനുവരി 1 -ന് കേരളത്തിലെ എല്ലാ പ്രദേശങ്ങളും ഒരേ സമയത്ത് സ്നേഹരാമങ്ങൾ ഉത്ഘാടനം ചെയ്യുന്ന

ഒരു മെഗാ ഇവന്റായി മാറ്റാൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

12. സ്നേഹാരാമങ്ങളാക്കി മാറ്റുന്ന പ്രദേശത്ത് തുടർന്ന് മാലിന്യങ്ങൾ വരാതിരിക്കാനുള്ള എല്ലാ ക്രമീകരണങ്ങളും ഉറപ്പാക്കണം. ഇതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആവശ്യമായ നടപടി ഉറപ്പാക്കണം.

മറ്റ് പ്രവർത്തനങ്ങൾ

1. വിദ്യാഭ്യാസ സ്ഥാപന തലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ.
2. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ പ്രവർത്തനങ്ങൾ.
3. സപ്ത ദിന ക്യാമ്പ് .
4. മാലിന്യ സംസ്കരണം പൊതുസംവിധാനം പ്രവർത്തന മികവും അവലോകനവും.
5. ബഹുജന വിദ്യാഭ്യാസ പരിപാടി.
6. സ്കൂൾ ദത്തെടുക്കലും ഇടപെടലും.
7. ഡോക്യുമെന്റഷനും റിപ്പോർട്ടിങ്ങും.
8. മികച്ച സ്നേഹരാമത്തിന് അവാർഡ്

**1. വിദ്യാഭ്യാസ സ്ഥാപന തലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ.**

- വിദ്യാഭ്യാസ സ്ഥാപനം സമ്പൂർണ മാലിന്യ മുക്തമാക്കുന്നതിനുള്ള പ്രായോഗിക പ്രവർത്തനങ്ങൾ.
- വിദ്യാലയങ്ങളിലെ ആഘോഷ പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ പാലനം ഉറപ്പാക്കുക.
  1. പരിപാടിയിൽ ചായ, ഭക്ഷണം, ലഘുഭക്ഷണം എന്നിവ കഴുകിഉപയോഗിക്കാൻ കഴിയുന്ന സ്റ്റീൽ/ചില്ല് പാത്രങ്ങൾ ഉപയോഗിച്ച് പരിപാടികൾ ഏകോപിപ്പിക്കൽ.
  2. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് പരിപാടി അലങ്കരിക്കൽ
  3. പരിപാടിയിൽ ഉണ്ടാകാൻ സാധ്യതയുള്ള മാലിന്യം കൃത്യമായി സംസ്കരിക്കുവാനുള്ള സംവിധാനം.
- വിദ്യാർത്ഥികൾ സ്റ്റീൽ പാത്രത്തിൽ ഉച്ച ഭക്ഷണം കൊണ്ടുവരുന്നതിനുള്ള ക്യാമ്പയിൻ.
- മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിന്റെ പ്രാധാന്യം വിദ്യാർഥികളിലേക്ക് എത്തിക്കൽ.
  1. ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ച് 3 കളർ കോഡ് ട്രാഷ് സിസ്റ്റം പഠിപ്പിക്കൽ.
  2. എൻ.എസ്.എസിന്റെ നേതൃത്വത്തിൽ വിദ്യാലയത്തിലെ/ കോളേജിലെ എല്ലാ വിദ്യാർത്ഥികൾക്കും മാലിന്യ സംസ്കരണ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.
  3. എൻ.എസ്.എസിന്റെ നേതൃത്വത്തിൽ അധ്യാപകർക്കും, അനധ്യാപകർക്കും, പി റ്റി എ അംഗങ്ങൾക്കും മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിന്റെ പ്രാധാന്യം എത്തിക്കൽ.
  4. ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനായി മാലിന്യമുക്തം നവകേരളം ആർ.പി മാരുടെ സേവനം പ്രയോജനപെടുത്താവുന്നതാണ്.

5. സ്കൂളുകളിലും കോളേജുകളിലും ആഴ്ചയിൽ ഒരിക്കൽ ഒരു മണിക്കൂർ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കായി മാറ്റി വയ്ക്കുക.

- ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപനത്തിൽ പ്രായോഗികമാക്കൽ
    1. തുമ്പൂർമൊഴി, ബയോഗ്യാസ് പ്ലാന്റ് തുടങ്ങയിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാഹായത്തോടെ, സൗകര്യത്തിനനുസൃതമായി സ്ഥാപിക്കാവുന്നതാണ്.
    2. ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഉപയോഗം , പ്രവർത്തനം, പരിപാലനം സംബന്ധിച്ച അടിസ്ഥാന പരിശീലനം വിദ്യാർത്ഥികൾക്ക് നൽകൽ .
    3. ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനായി ജില്ലാശുചിത്വ മിഷൻ , ഹരിതകേരള മിഷൻ ആർ പി മാരുടെ സേവനം പ്രയോജനപെടുത്താവുന്നതാണ്.
- അജൈവ മാലിന്യ ശേഖരണം കാര്യക്ഷമമാക്കുക
    1. അജൈവ മാലിന്യം തരം തിരിച്ച് നിക്ഷേപിക്കേണ്ട സൗകര്യം നിലവിൽ ഉണ്ടെങ്കിൽ അവ കാര്യക്ഷമം ആക്കുക. ( കളക്ടേഴ്സ്@സ്കൂൾ , പല നിറത്തിലുള്ള ബിന്നുകൾ തുടങ്ങിയവ)
    2. അജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിന് വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഹരിതകർമസേന അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി അജൈവ മാലിന്യത്തിന്റെ കൃത്യമായ സംസ്കരണം ഉറപ്പ് വരുത്താം.
    1. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ **"വേസ്റ്റ് ബിന്നിനു പകരം റിസോഴ്സ് ബിൻ"** എന്ന ആശയം നടപ്പിലാക്കുക.
    2. അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളെ പറ്റിയും, ഹരിതകർമ്മ സേന അംഗങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും വിദ്യാർത്ഥികൾക്ക് കൃത്യമായ അവബോധം നൽകണം.
- വിദ്യാലയങ്ങളിലെ ക്ലാസ്സ് റൂമുകളിൽ കൃത്യമായ മാലിന്യ സംസ്കരണം നടപ്പിലാക്കുന്ന ക്ലാസ്സുകൾക്ക് ക്ലീന് ക്ലാസ് റൂം അവാർഡ് നൽകാവുന്നതാണ്.
- എൻ.എസ്.എസ് വോളന്റിയർമാരുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ പരിശോധിക്കാൻ ഒരു വിജിലൻസ് ടീം രൂപീകരിക്കാം
- വിദ്യാലയങ്ങളിൽ സ്ഥിരം സ്വാപ്പ് ഷോപ്പുകൾ

1. പൂർവ്വ വിദ്യാർത്ഥികൾ ഉപയോഗിച്ച പഠന സാമഗ്രിഹികൾ , പഴയ ഗൈഡുകൾ എന്നിവ സ്വാപ്പ് ഷോപ്പിലൂടെ ആവിശ്യക്കാരിലേക്ക് എത്തിക്കാം.

- വർഷത്തിൽ രണ്ട് തവണയെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹരിത പാർലമെന്റുകൾ വിളിച്ച് ചേർക്കണം.

**2) തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ പ്രവർത്തനങ്ങൾ**

- വിദ്യാഭ്യാസ സ്ഥാപന സ്ഥിതി ചെയ്യുന്ന വാർഡ്/ തദ്ദേശ സ്ഥാപനം ഓരോ എൻ. എസ്.എസ് യൂണിറ്റ് മാലിന്യമുക്തം നവകേരളം പ്രദേശമാകുന്നതിനുവേണ്ട പ്രവർത്തനത്തിനായി തിരഞ്ഞെടുക്കേണ്ടതാണ്.

1. ഹരിതകർമ്മസേന കൃത്യമായി എല്ലാ വീടുകളിലും,സ്ഥാപനങ്ങളിലും നിന്നും മാലിന്യ ശേഖരണം നടത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തൽ.
2. ഹരിതകർമ്മസേന അംഗങ്ങൾക്ക് കൃത്യമായ യൂസർ ഫീസ് എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ടോ എന്ന ഉറപ്പുവരുത്തൽ ഇല്ലാത്തപക്ഷം പ്രദേശം സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്
3. വീടുകളിലെ ജൈവമാലിന്യം കൈകാര്യം ചെയ്യുന്നത് എങ്ങനെയൊക്കെ ആണ് എന്നത് കൃത്യമാക്കുക.
4. ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉപയോഗിക്കുന്ന വീടുകളിലും സ്ഥാപനങ്ങളിലും നിലവിലെ സാഹചര്യം വിലയിരുത്താവുന്നതാണ്.
5. മാലിന്യങ്ങൾ സ്ഥിരമായി വലിച്ചെറിയുന്ന സ്ഥലങ്ങൾ കണ്ടെത്തുക അതിനു ചുറ്റുപാടുമുള്ള വീടുകൾ സ്ഥാപനങ്ങളിലെ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ അന്വേഷിക്കുക.
6. വലിച്ചെറിയലിന്റെ ഭാഗമായ വീടുകൾ / സ്ഥാപനങ്ങളെ കണ്ടെത്താൻ പ്രദേശവാസികളെ ഉപയോഗപ്പെടുത്താം.
7. പ്രദേശത്തെ വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യം കൃത്യമായി സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
8. ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ സഹായത്തോടെ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകുക.
9. പ്രസ്തുത പ്രദേശത്തിലെ വീടുകൾ/ സ്ഥാപനം എന്നിവിടങ്ങളിലെ മതപരമായ പരിപാടികൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, കല്യാണം, മരണാന്തര ചടങ്ങുകൾ, പാലുകാച്ച് തുടങ്ങിയ എല്ലാതരം ആഘോഷങ്ങളിലും കൃത്യമായി ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകണം.
10. സൗന്ദര്യ വത്കരണത്തിനായി പ്രദേശത്തിന്റെ ഭാഗമായുള്ള ജലസ്രോതസുകളിലെ മാലിന്യം നീക്കം ചെയ്യാനുള്ള സംവിധാനം ജനപ്രതിനിധികളുടെ സഹായത്തോടെ നിർവഹിക്കുക.
11. ആഘോഷ പരിപാടികളിലെ ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കുന്നതിന് ജനപ്രതിനിധികളുടെ സഹായം തേടാവുന്നതാണ്.
12. മാലിന്യ നിർമാർജനവുമായി ബന്ധപ്പെടുത്തി പ്രദേശത്ത് കലാ ജാഥ നടത്തുക.

- ഗാർബേജ് വൺറബിൾ പോയിന്റ് കണ്ടു പിടിക്കലും മാപ്പ് ചെയ്യലും

1. എൻ.എസ്.എസ് യൂണിറ്റുകൾ തിരഞ്ഞെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യം വലിച്ചെറിഞ്ഞിരിക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി ഫോട്ടോ എടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പു നിർദ്ദേശിച്ചിട്ടുള്ള ലിങ്ക് വഴി അപ്ലോഡ് ചെയ്യൽ.
2. കണ്ടെത്തിയ പ്രദേശത്തിന്റെ വിവരങ്ങൾ അതാത് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ മുഖേന തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കുക.
3. അറിയിച്ചതിനു ശേഷവും അവിടെ വൃത്തിയാക്കുന്നതിനും , ഇനി മാലിന്യം വരാതിരിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

- മാലിന്യങ്ങൾ ഉപയോഗിച്ച് ബിനാലെ സംഘടിപ്പിക്കുവുന്നതാണ്
- ഹരിതകർമ്മ സേനയോടൊപ്പം എല്ലാ എൻ.എസ്.എസ് വോളന്റിയർമാരും ഒരു തവണയെങ്കിലും ഗൃഹ സന്ദർശനം നടത്തണം.

3) മാലിന്യ സംസ്കരണം പൊതു സംവിധാനം പ്രവർത്തന മികവും അവലോകനവും

- എൻ.എസ്.എസ് വോളന്റിയർമാരെ പഞ്ചായത്തിലുള്ള ആർ.ആർ.എഫ് , എം.സി. എഫ് എന്നിവ സന്ദർശിച്ച് അവയെപ്പറ്റി പഠിക്കുക.
- എൻ.എസ്.എസ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ, തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന പൊതു മാലിന്യ സംസ്കരണ സംവിധാനം സന്ദർശിക്കുക
- എം.സി.എഫ്, ആർ.ആർ.എഫ് തുമ്പൂർമുഴി , കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് എന്നിവയിൽ ഒരെണ്ണം എങ്കിലും അതത് തദ്ദേശ സ്വയമഭരണ സ്ഥാപനവുമായി ചർച്ച ചെയ്ത് സന്ദർശിക്കുക
- സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ സംവിധാനങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തൽ നടത്തി ഫോട്ടോ ഉൾപ്പെടെയുള്ള കൃത്യമായ വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുക.

4)എൻ.എസ്.എസ് സപ്തദിന ക്യാമ്പ്

1. എൻ.എസ്.എസ് ഡിസംബർ മാസം നടത്തുന്ന സപ്തദിന ക്യാമ്പിന്റെ പ്രധാന ടീം മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായിരിക്കണം
2. സപ്തദിന ക്യാമ്പിൽ പരാമർശിക്കേണ്ട വിഷയങ്ങൾ
    - കാലാവസ്ഥ വ്യതിയാനവും ,മാലിന്യ സംസ്കരണവും
    - കൃഷിയും മാലിന്യ സംസ്കരണവും
    - ഹരിതകർമ്മസേനക്കൊപ്പം ഒരു ദിനം
    - എൻ.എസ്.എസ് യൂണിറ്റ് ദത്തെടുത്ത പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ബൾക്ക് വേസ്റ്റ് ജനറേറ്റർമാർക്ക് ഇടയിലെ ക്യാമ്പയിൻ
    - എൻ.എസ്.എസ് ദത്തെടുത്ത പ്രദേശത്തിലെ പൊതു ജനങ്ങളെ ഉൾപ്പെടുത്തി ഒരു ദിവസം മാലിന്യ മുക്തം നവകേരളം ഗ്രാമ സംഗമം നടത്തുക

5) ബഹുജന വിദ്യാഭ്യാസ പരിപാടി

- വിലയിരുത്തലും ഗവേഷണവും:

  ശേഖരണം, തരം തിരിക്കൽ , യൂസർ ഫീ എന്നിവയുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കീഴിലെ നിലവിലെ മാലിന്യ സംസ്കരണ രീതികളുടെ സമഗ്രമായ വിലയിരുത്തൽ, നടത്തിപ്പ്, പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വെല്ലുവിളികൾ, തെറ്റിദ്ധാരണകൾ എന്നിവ തിരിച്ചറിയലും റിപ്പോർട്ട് ചെയ്യലും.

- ജനകീയ പങ്കാളിത്തം ഉറപ്പാക്കൽ : പ്രാദേശിക സർക്കാർ/ഏജൻസികൾ, പരിസ്ഥിതി സംഘടനകൾ, സ്കൂളുകൾ, ബിസിനസ്സുകൾ എന്നിവയുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്.
- വിവര വിജ്ഞാന വ്യാപന സാമഗ്രികൾ വികസിപ്പിക്കുക: മാലിന്യ സംസ്കരണ രീതികൾ വിശദീകരിക്കുന്ന ബ്രോഷറുകൾ, പോസ്റ്ററുകൾ, വീഡിയോകൾ, എന്നിവയുൾപ്പെടെ വിജ്ഞാനപ്രദവും ആകർഷകവുമായ മെറ്റീരിയലുകൾ സൃഷ്ടിക്കുക. ഒന്നിലധികം

ഭാഷകളിലും ഫോർമാറ്റുകളിലും മെറ്റീരിയലുകൾ ആക്സസ് ചെയ്യാനാകുമെന്ന് ഉറപ്പാക്കുക.

- പൊതുജന ബോധവൽക്കരണ ക്യാമ്പയിനുകൾ: സോഷ്യൽ മീഡിയ, കമ്മ്യൂണിറ്റി ഇവന്റുകൾ, പ്രാദേശിക മാധ്യമ ഔട്ട്ലെറ്റുകൾ എന്നിവ ഉപയോഗിച്ച് പൊതു ബോധവൽക്കരണ ക്യാമ്പയിനുകൾ ആരംഭിക്കാവുന്നതാണ്. മാലിന്യം കുറയ്ക്കുന്നതിന്റെയും ശരിയായ സംസ്കരണത്തിന്റെയും പ്രാധാന്യം അറിയിക്കാൻ ആകർഷകമായ മുദ്രാവാക്യങ്ങളും ദൃശ്യങ്ങളും ഉൾപ്പെടുത്താം.
- കമ്മ്യൂണിറ്റി ക്ലീൻ-അപ്പ് ഡ്രൈവുകൾ : മാലിന്യ സംസ്കരണ ശ്രമങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കാൻ പതിവായി ശുചീകരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ് അനുചിതമായ മാലിന്യ നിർമാർജനത്തിന്റെ ആഘാതം പ്രകടിപ്പിക്കാൻ ഈ ഇവന്റുകൾ ഉപയോഗിക്കാം.

മാലിന്യ സംസ്കരണത്തിനായി സമഗ്രമായ ഒരു ബഹുജന വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുന്നതിലൂടെ, സുസ്ഥിരമായ രീതികൾ സ്വീകരിക്കുന്നതിനും പരിസ്ഥിതിയിൽ നല്ല സ്വാധീനം ചെലുത്തുന്നതിനും നിങ്ങളുടെ തദ്ദേശ സ്ഥാപന പ്രദേശത്തെ ശാക്തീകരിക്കാൻ കഴിയും.

**6) സ്കൂൾ ദത്തെടുക്കലും ഇടപെടലും.**

മാലിന്യ സംസ്കരണം ഒരു തുടർച്ചയായ പ്രക്രിയയാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഓരോ യൂണിറ്റും തൊട്ടടുത്തുള്ള ഒരു ലോവർ പ്രൈമറിയോ, അപ്പർ പ്രൈമറിയോ ആയ സ്കൂൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഇടപെടലുകൾ നടത്തുന്നതിന് ദത്തെടുക്കുക. ഇത് വൃത്തിയുള്ള അന്തരീക്ഷത്തിന് മാത്രമല്ല, വിദ്യാർത്ഥികളിലും സമൂഹത്തിലും മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നു.

- സ്കൂൾ തിരഞ്ഞെടുക്കുക : മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സഹകരിക്കാൻ തയ്യാറുള്ള അടുത്തുള്ള ലോവർ അല്ലെങ്കിൽ അപ്പർ പ്രൈമറി സ്കൂൾ തിരഞ്ഞെടുക്കുക.
- സ്കൂളിന്റെ നിലവിലെ മാലിന്യ സംസ്കരണ സാഹചര്യം വിലയിരുത്തുക: മാലിന്യ ഉൽപ്പാദനം, ശേഖരണം, സംസ്കരണം, പുനരുപയോഗം (എന്തെങ്കിലും ഉണ്ടെങ്കിൽ) ഉൾപ്പെടെ, സ്കൂളിൽ നിലവിൽ മാലിന്യം എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് മനസ്സിലാക്കുക.
- മാലിന്യ സംസ്കരണത്തിലും പാരിസ്ഥിതിക പ്രശ്നങ്ങളിലും താൽപ്പര്യമുള്ള N.S.S വൊളന്റിയർമാരെ റിക്രൂട്ട് ചെയ്യുക.
- സ്കൂളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ജീവനക്കാർക്കും, പി.റ്റി.എ അംഗങ്ങൾക്കും ശിൽപശാലകളോ ബോധവൽക്കരണ പരിപാടികളോ സംഘടിപ്പിക്കുക. മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം, മാലിന്യത്തിന്റെ വേർതിരിവ്, 3 R (കുറയ്ക്കുക, പുനരുപയോഗം ചെയ്യുക, പുനചക്രമണം ചെയ്യുക) തുടങ്ങിയ വിഷയങ്ങൾ ഈ ശിൽപശാലകളിൽ ഉൾപ്പെടുത്തണം
- സ്കൂളിലെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ശരിയായ മാലിന്യം വേർതിരിക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള രീതികൾ പരിശീലിപ്പിക്കുക.

7) ഡോക്യുമെന്റേഷൻ & റിപ്പോർട്ടിങ്

- പ്രവർത്തനം നടത്തുന്നതിന് മുന്നോടിയായി പ്രദേശത്തെ അവസ്ഥാ വിലയിരുത്തൽ നടത്തി പടങ്ങൾ ഉൾപ്പെടെ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.
- ഇടപെട്ടതിന് ശേഷം പ്രദേശത്തിന്റെ പഠനം നടത്തി അത് ഡോക്യുമെന്റ് ചെയ്യുക.
- ചെയ്ത പ്രവർത്തനത്തിന്റെ കൃത്യമായ പ്രോസസ്സ് ഡോക്യുമെന്റേഷൻ. ചെയ്ത പ്രവർത്തനത്തിലൂടെ ആ സമൂഹത്തിനുണ്ടായ മാറ്റത്തെ കുറിച്ചുള്ള ഡോക്യുമെന്റേഷൻ. എങ്ങനെയാണ് സമൂഹത്തെയും ഉദ്യോഗസ്ഥ സംവിധാനത്തെയും ഏകോപിപ്പിച്ചത് എന്നത് സംബന്ധിച്ചുള്ള ഡോക്യുമെന്റേഷൻ
- വിദ്യാർത്ഥികളുടെ ഇടയിൽ എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന വിഷയത്തിൽ വീഡിയോ , ഷോർട്ട് ഫിലിം , റീൽസ് മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.
- മാലിന്യ മുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് ഓരോ എൻ.എസ്.എസ് യൂണിറ്റുകളും പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുക. മൂന്നു മാസത്തിലൊരിക്കൽ ന്യൂസ് ലെറ്റർ മാതൃകയിൽ ഉണ്ടാക്കാവുന്നതാണ്.യൂണിറ്റ് തലത്തിലുള്ള റിപ്പോർട്ടുകൾ സംസ്ഥാന എൻ എസ് എസിന്റെ ലിങ്ക് വഴിയും സംസ്ഥാന ശുചിത്വ മിഷൻ തയ്യാറാക്കുന്ന ലിങ്ക് വഴിയും സമർപ്പിക്കുക. ഈ ക്യാമ്പയിന്റെ യുണിറ്റ്തല റിപ്പോർട്ട് സംസ്ഥാന എൻ എസ് എസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
- മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും എൻ.എസ്.എസ് യൂണിറ്റും തദ്ദേശ സ്വയംഭരണ സ്ഥാപനവും സമൂഹ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കാവുന്നതാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മാലിന്യ മുക്തം നവകേരളം എന്നിവയെ ടാഗ് ചെയ്യാൻ ശ്രദ്ധിക്കണം.

8) മികച്ച സ്നേഹാരാമത്തിന് അവാർഡ്

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും മികച്ച സ്നേഹാരാമത്തിനുള്ള അവാർഡ്.
- ഒരു ജില്ലയിലെ എല്ലാ വിഭാഗത്തിൽ നിന്നും (ഹയർ സെക്കന്ററി, വി.എച്ച്.എസ്.സി , ടെക്നിക്കൽ, വിവിധ സർവ്വകലാശാലകള് , ഐ.റ്റി.ഐ-കൾ) മികച്ച ഒന്ന്, രണ്ട് മൂന്ന് സ്നേഹരാമങ്ങൾക്കുള്ള അവാർഡ്.
- ജില്ലയിലെ ഏറ്റവും മികച്ച സ്നേഹരാമങ്ങൾക്ക് ഒന്ന്, രണ്ട്,മൂന്ന് സ്നേഹരാമങ്ങൾക്കുള്ള അവാർഡ്.
- സംസ്ഥാന തലത്തിൽ എല്ലാ വിഭാഗത്തിൽ നിന്നും (ഹയർ സെക്കന്ററി, വി.എച്ച്. എസ്.സി , ടെക്നിക്കൽ, വിവിധ സർവ്വകലാശാലകള് , ഐ.റ്റി.ഐ-കൾ) മികച്ച ഒന്ന് , രണ്ട് മൂന്ന് സ്നേഹരാമങ്ങൾക്കുള്ള അവാർഡ്.
- സംസ്ഥാന തലത്തിൽ ഏറ്റവും മികച്ച സ്നേഹരാമങ്ങൾക്ക് ഒന്ന് , രണ്ട് മൂന്ന് സ്നേഹരാമങ്ങൾക്കുള്ള അവാർഡ്.
- സംസ്ഥാന തലത്തിൽ മികച്ച എൻ എസ് എസ് സെല്ലുകൾക്കും അവാർഡ് നൽകുന്നതാണ്.